**വനിത - ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**( ഹാജർ: ജാഫർ മാലിക്, ഐ.എ.എസ്)**

**ഉത്തരവ് നം ഇ1/12579/18/ഡബ്ല്യൂ.സി.ഡി** തിരുവനന്തപുരം, തീയതി: 06/07/2018

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ജീവനക്കാര്യം - നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (പോഷൻ അഭിയാൻ) - പ്രാരംഭ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സാമൂഹ്യ നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ 04/07/2018 ലെ 209/S.SECY/18/SJD നം കത്ത്.

2) എൻ.എൻ.എം സെക്ഷനിൽ നിന്നുള്ള 19/06/2018 ലെ യു.ഒ നോട്ട്.

സംസ്ഥാനത്ത് കണ്ണൂർ, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (പോഷൻ അഭിയാൻ) നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചുവടെ പറയുന്ന ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 3 മാസത്തേയ്ക്ക് നിയമിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരിയുടെ പേര് | തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി കല.ആർ | ശിശു വികസന പദ്ധതി ഓഫീസർ,<br>ഐസിഡിഎസ് തിരുവനന്തപുരം അർബൻ 4. |
| 2 | ശ്രീമതി ഷീബ.എസ്.ആർ | ഐസിഡിഎസ് സൂപ്പർവൈസർ,<br>ഐസിഡിഎസ് വാമനപുരം അഡീഷണൽ. |
| 3 | ശ്രീമതി രശ്മി.എസ് | ഐസിഡിഎസ് സൂപ്പർവൈസർ,<br>ഐസിഡിഎസ് തിരുവനന്തപുരം അർബൻ 1. |
| 4 | ശ്രീമതി രോഷ്ണി.എ | ഐസിഡിഎസ് സൂപ്പർവൈസർ,<br>ഐസിഡിഎസ് കൊല്ലം അർബൻ 1. |
| 5 | ശ്രീമതി ദീപ.എ.എസ് | ഐസിഡിഎസ് സൂപ്പർവൈസർ,<br>ഐസിഡിഎസ് ചടയമംഗലം. |
| 6 | ശ്രീമതി ദീപ.എസ്.നായർ | ഐസിഡിഎസ് സൂപ്പർവൈസർ.<br>ഐസിഡിഎസ് നെടുമങ്ങാട് അഡീഷണൽ. |
| 7 | ശ്രീമതി അർച്ചന നായർ | ഐസിഡിഎസ് സൂപ്പർവൈസർ,<br>ഐസിഡിഎസ് പോത്തൻകോട്. |
| 8 | ശ്രീമതി കൃഷ്ണേന്ദു.ടി.ആർ | ഐസിഡിഎസ് സൂപ്പർവൈസർ,<br>ഐസിഡിഎസ് കോന്നി. |

ഈ സാഹചര്യത്തിൽ മേൽ പറഞ്ഞിരിക്കുന്ന ജീവനക്കാരെ ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേയ്ക്ക് നാഷണൽ ന്യൂട്രീഷ്യൻ മിഷൻ (പോഷൻ അഭിയാൻ) നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ജീവനക്കാർ വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിങ്) മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടുന്നതാണ്.

വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം ലഭിച്ച ജീവനക്കാരെ ഉടൻ പ്രബല്യത്തിൽ വിടുതൽ ചെയ്യേണ്ടുന്നതും വർക്കിംഗ് അറേഞ്ച്മെന്റ് ലഭിച്ച ഐസിഡിഎസ് സൂപ്പർവൈസർമാരുടെ ചുമതല ക്രമീകരണം അതത് കാര്യാലയ മേധവി നടത്തേണ്ടുന്നതുമാണ്.

വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം ലഭിച്ച തിരുവനന്തപുരം അർബൻ 4 ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി കല.ആറിന്റെ പൂർണ്ണ അധിക ചുമതല തിരുവനന്തപുരം അർബൻ 4 ഐസിഡിഎസ് പ്രോജക്ടിലെ സൂപ്പർവൈസർ ശ്രീമതി ജയാറജി നിർവ്വഹിക്കേണ്ടതാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്:-</u>

1. സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.
2. അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിങ്), വനിതാ ശിശു വികസന ഡയറക്ടറേറ്റ്.
3. പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം/ കൊല്ലം/പത്തനംതിട്ട.
4. ശിശു വികസന പദ്ധതി ഓഫീസർ, തിരുവനന്തപുരം അർബൻ 4/ വാമനപുരം അഡീഷണൽ/ തിരുവനന്തപുരം അർബൻ 1/ കൊല്ലം അർബൻ 1/ ചടയമംഗലം/ നെടുമങ്ങാട് അഡീഷണൽ/ പോത്തൻകോട്/ കോന്നി.
5. ഇ3 സെക്ഷൻ.
6. എൻഎൻഎം സെക്ഷൻ.
7. സ്റ്റേക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്